**കേരള കാർഷിക സർവ്വകലാശാല വാർത്തകൾ**

**(2020 ഡിസംബർ 25 – 2021 ജനുവരി 1)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**

**e-mail: ccmannuthy@kau.in, Phone:0487-2370773)**

No. C3/4/2021 – 1 Dt. 24.12. 2020

ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ

തെങ്ങിന് ജലസേചനം തുടങ്ങാൻ സമയമായി. സൂര്യാഘാതത്തിൽ നിന്ന് തെങ്ങിനെ സംരക്ഷിക്കുന്നതിനായി തടിയിൽ കുമ്മായം തേച്ച് കൊടുക്കുന്നത് നല്ലതാണ്. വിത്തു തേങ്ങ ശേഖരിക്കാൻ സമയമായി. ഇരുപതു വർഷത്തിനുമേൽ പ്രായമുള്ളതും, വർഷത്തിൽ 80 നാളികേരത്തിൽ കുറയാതെ കായ്ക്കുന്നതും, ഏറ്റവും കുറഞ്ഞത് 12 കുലകളെങ്കിലും ഉള്ളതും, രോഗമില്ലാത്തതുമായ, തെങ്ങിൽ നിന്നു വേണം വിത്തു തേങ്ങ ശേഖരിക്കാൻ. ഇങ്ങനെ സംഭരിച്ച നാളികേരത്തിന്റെ ജലാംശം നഷ്ടപ്പെടാതിരിക്കാൻ മണലിൽ സൂക്ഷിക്കുകയും വേണം.

ബാക്ടീരിയൽ ഇലകരിച്ചിലിനെ പ്രതിരോധിക്കാനായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ മുപ്പത് ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്.

മൂടിക്കെട്ടിയ അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2സിസി ട്രൈക്കോഗ്രമ്മ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തി വെക്കുക. അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ (കൊറാജൻ) പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.

മുളകിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. 2 ശതമാനം വീര്യമുള്ള വെപ്പെണ്ണ വെളുത്തുള്ളി എമൽഷൻ തളിക്കുക. അല്ലെങ്കിൽ ലെക്കാനിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പത്തു ദിവസം ഇടവിട്ട് തളിക്കുക.

കശുമാവിന് തടിതുരപ്പൻ പുഴുവിന്റെ ഉപദ്രവം ഈ മാസങ്ങളിൽ ഉണ്ടാകാനിടയുണ്ട്. തടി വേരോട് ചേരുന്ന ഭാഗത്താണ് ഇവയുടെ ഉപദ്രവം സാധാരണ തുടങ്ങുക. മൂർച്ചയുള്ള കത്തി കൊണ്ട് സുഷിരമുള്ള ഭാഗങ്ങൾ ചെത്തി വൃത്തിയാക്കി പുഴുക്കളെ നശിപ്പിക്കേണ്ടതാണ്. തടിയിൽ ഏതാണ്ട് 1 മീറ്റർ ഉയരം വരെ വേപ്പെണ്ണ പുരട്ടുന്നത് ഈ കീടത്തിന്റെ ആക്രമണം ഒരു പരിധി വരെ ഒഴിവാക്കുന്നതിന് സഹായിക്കും.

മാവിൻ തോട്ടങ്ങളിലിൽ വൈകുന്നേരങ്ങളിൽ പുകയ്ക്കുന്നത് പൂക്കാനും, കായ്ക്കാനും സഹായിക്കും. കായീച്ചയുടെ ഉപദ്രവം കൊണ്ട് മാങ്ങയിൽ ഉണ്ടാകുന്ന പുഴുക്കേട് നിയന്ത്രിക്കാനായി ഫിറമോൺകെണി ഉപയോഗിക്കാം. മാവ് പൂത്ത് തുടങ്ങുമ്പോൾ മുതൽ കെണി വെയ്ക്കണം. ഒരു കെണി ഉപയോഗിച്ച് 3 മുതൽ 4 മാസത്തോളം ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം പാളയൻകോടൻ പഴം/തുളസിയില തുടങ്ങിയവ കൊണ്ടുള്ള ചിരട്ട കെണികളും ഉപയോഗിക്കുകയാണെങ്കിൽ കൂടുതൽ ഗുണം ചെയ്യും. ഒരേക്കർ മാവിൻ തോട്ടത്തിന് 5 എണ്ണം അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ചു കൊടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 – 2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

പച്ചക്കറി വിളകളിൽ മീലിമുട്ടകൾ, ശല്ക്കകീടങ്ങൾ എന്നിവയെ നിയന്ത്രിക്കാനുള്ള ***വെർട്ടിസീലിയം,*** ഇലതീനി പുഴുക്കൾക്കെതിരെയുള്ള ***ബ്യൂവേറിയ ബാസിയാന,*** ചിതൽ, വേരുതീനി പുഴുക്കൾ എന്നിവയ്ക്കെതിരെയുള്ള ***മെറ്റാറൈസിയം*** എന്നിവ ലഭ്യമാണ്. വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ജൈവ കീട രോഗ നിയന്ത്രണ വിഭാഗത്തിലും മണ്ണുത്തിയിലെ യൂണിവേഴ്സിറ്റി വില്പനകേന്ദ്രത്തിലും (0487–2370540) കണ്ണാറ വാഴ ഗവേഷണകേന്ദ്രത്തിലും (0487–2699087) ഇവ ലഭ്യമാണ്. 20 ഗ്രാം വരെ ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് കലക്കി ചെടികളിൽ തളിച്ചു കൊടുക്കണം.

**<u>അറിയിപ്പ്</u>**

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487–2370773

2. കോവിഡ് – 19 എന്ന മഹാമാരി വലിയ രീതിയിൽ ആഘാതം സൃഷ്ടിച്ച ഒരു മേഖലയാണ് കൃഷി. ഈ അവസരത്തിൽ കാർഷിക മേഖലയ്ക്ക് കൈത്താങ്ങായി കേരള കാർഷിക സർവ്വകലാശാല, വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, സമൂഹ മാധ്യമമായ ഫേസ്ബുക്കിലൂടെ കർഷ കരിലേയ്ക്കെത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷൻ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി എന്ന ഫേസ്ബുക്ക് പേജ് സന്ദർശിക്കുക.

3. സർട്ടിഫിക്കേറ്റോടു കൂടിയുള്ള ഓൺലൈൻ പരിശീലന പരിപ്പാടികൾ നടത്തുന്നു.കൂടുതൽ വിവരങ്ങൾക്കായി കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയുടെ ഫോൺ നമ്പറായ 04872 370773 എന്ന നമ്പറിലോ ccmannuthy@kau.in എന്ന ഇമെയിൽ വഴിയോ ബന്ധപ്പെടുക

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാല പ്രവർത്തനം പുനരാരംഭിച്ചിരിക്കുന്നു. എല്ലാത്തരം പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം

വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, (പാവൽ, വെണ്ട, പയർ) പൊടികൾ, വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്.

**<u>നിബന്ധനകൾ</u>**

1. കുറഞ്ഞത് 10 കിലോഗ്രാം പഴം പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ട വസ്തുക്കളുടെ വിലയും കൂലിച്ചിലവും കർഷകർ അടയ്ക്കണം.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണ്ടതാണ്.

   കൂടുതൽ വിവരങ്ങൾക്ക് 0487-2370773, 9497412597 എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-

**പ്രൊഫസർ & ഹെഡ്**